ആവശ്യമായ ഭേദഗതികളും വരുത്താൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ മുമ്പോട്ടുവച്ച നിർദ്ദേശങ്ങളും ഈ നിയമത്തിനു ഭേദഗതി വരുത്തുന്ന അവസരത്തിൽ തീർച്ചയായും പരിശോധിക്കുന്നതായിരിക്കും. തൊഴിലാളികൾക്ക് ഇതുമൂലമുണ്ടായിട്ടുള്ള വിഷമതകളിൽ തീർച്ചയായും ഗവൺമെൻറിന് ഖേദമുണ്ട്. അത് പരിഹരിക്കുവാൻ ഗവൺമെൻറ് നിശ്ചയമായും ആവശ്യമായ നടപടികളും സ്വീകരിക്കുന്നതായിരിക്കും.

III. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശകസമിതിയുടെ 15-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, കാര്യോപദേശകസമിതിയുടെ 15-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

Mr. Speaker: The Report is adopted.

IV. നിയമനിർമ്മാണകാര്യം

1979-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) നിയമം

Chief Minister **(Sri C. H. Mohammed Koya):** I Introduce the Kerala Land Reforms (Amendment) Bill, 1979. I also lay on the table a copy of the statement explaining the circumstances which had necessitated the immediate promulgation of the Ordinance.

Mr. Speaker: The Bill stands introduced.

Chief Minister **(Sri C. H. Mohammed Koya):** I move that the Bill may be taken into consideration.

Minister **(Sri N. K. Balakrishnan):** I second it.

Sri E. M. S. Namboodiripad: I oppose it.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇൻട്രൊഡക്ഷനെ ഒപ്പോസ് ചെയ്തിട്ടില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇൻട്രൊഡക്ഷൻ ഒപ്പോസ് ചെയ്യാൻ റൂൾ ഇല്ലെന്ന് സ്പീക്കർ പറഞ്ഞതുകൊണ്ടാണ് ആ സ്റ്റേജിൽ ഞാൻ ഒപ്പോസ് ചെയ്യാത്തത്. സർ, ഇതു നിർഭാഗ്യകരമാണ്. പാർലമെൻറിലെ നടപടിക്രമമനുസരിച്ച് ലീവ് ടു ഇൻട്രൊഡ്യൂസ് എന്ന സ്റ്റേജും, ആ സ്റ്റേജിൽ ഒപ്പോസ് ചെയ്യാനുള്ള റൈറ്റുമുണ്ട്. ഏതാനും മാസങ്ങൾക്കുമുമ്പ് പാർലമെൻറിൽ ആൻറി ഡിഫക്ഷൻ ബിൽ വന്ന അവസരത്തിൽ മധുലിമായെ ആ സ്റ്റേജിൽ ഒപ്പോസ് ചെയ്തു.

മി. സ്പീക്കർ: നമ്മുടെ അസംബ്ലിക്കും ചില റൂളുകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly